ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 15.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. മൈ ഭാരത് ബജറ്റ് ക്വസ്റ്റ് 2026 മൂന്നാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള വിജയികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും.

**The third phase of *My Bharat Budget Quest 2026* will begin today. Prime Minister Narendra Modi will interact with the winners from various states and union territories.**

2. പശ്ചിമേഷ്യൻ സംഘർഷം മൂന്നാം ആഴ്ചയിലേക്ക് കടന്നു; ഇറാന്റെ തന്ത്രപ്രധാനമായ ഖാർഗ് ദ്വീപിൽ ആക്രമണം നടത്തി അമേരിക്ക.

**The Western Asian conflict has entered its third week, with the United States launching an attack on Iran's strategically important Kharg Island.**

3. യുഎസ്, ഇസ്രായേൽ കപ്പലുകൾ ഒഴികെയുള്ള അന്താരാഷ്ട്ര ഗതാഗതത്തിനായി ഹോർമുസ് കടലിടുക്ക് തുറന്നിട്ടിരിക്കുകയാണെന്ന് ഇറാൻ ; ഹോർമുസിൻ്റെ സുരക്ഷയ്ക്കായി ചൈനയും ഫ്രാൻസും ഉൾപ്പെടെയുള്ള രാജ്യങ്ങൾ കപ്പലുകൾ അയക്കണമെന്ന് യുഎസ് പ്രസിഡന്റ്.

**Hormuz Strait is Opened for International Shipping, Excluding US and Israeli Vessels, Says Iran; US President Urges China, France, and Others to Send Ships for Security.**

4. രാജ്യത്ത് ആവശ്യത്തിന് ഡീസലും പെട്രോളും ലഭ്യമാണെന്ന് ഉറപ്പ് നൽകി കേന്ദ്ര സർക്കാർ; ജനങ്ങൾ പരിഭ്രാന്തരാകരുതെന്നും നിർദേശം.

**Union Government Assures Sufficient Diesel and Petrol Availability in the Country; Urges People Not to Panic.**

5. പാചകവാതക പ്രതിസന്ധി പരിഹരിക്കുന്നതിനായി കേരളത്തിൽ വാർ റൂം പ്രവർത്തനം ആരംഭിച്ചു.

**War Room Operations Launched in Kerala to Address Cooking Gas Crisis.**

6. ക്രിക്കറ്റ് രംഗത്തെ അതുല്യ സംഭാവനയ്ക്കുള്ള ബിസിസിഐയുടെ നമൻ അവാർഡുകൾ ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

**BCCI to Distribute Naman Awards for Exceptional Contributions to Cricket Today in New Delhi.**

**&&&&&&&&&&&&&&&&&&&&**

## PM - BUDGET QUEST-INTRO

മൈ ഭാരത് ബജറ്റ് ക്വസ്റ്റ് 2026 മൂന്നാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള വിജയികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സംവദിക്കും.

വിശദാംശങ്ങളിലേക്ക്...

( വോയിസ്....)

## PM - BUDGET QUEST- VOICE

കേന്ദ്ര ബജറ്റിനെക്കുറിച്ച് ചർച്ച ചെയ്യാനും വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനെക്കുറിച്ച് യുവജനങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കിടാനുമാണ് മൈ ഭാരത് ബജറ്റ് ക്വസ്റ്റ് സംരംഭം ലക്ഷ്യമിടുന്നത്. പങ്കാളിത്ത ഭരണം, സാമ്പത്തിക ആസൂത്രണം എന്നിവയിൽ യുവശക്തിയെ ഉൾപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. പരിപാടിയുടെ ഭാഗമായി നടന്ന മത്സരങ്ങളിൽ 12 ലക്ഷത്തിലധികം യുവാക്കളാണ്

പങ്കെടുത്തത്. നയരൂപീകരണത്തിലും 2047 ഓടെ സ്വയംപര്യാപ്തമായ വികസിത ഭാരതം എന്ന ലക്ഷ്യത്തെ സാക്ഷാത്കരിക്കുന്നതിലും യുവതലമുറയുടെ പങ്ക് ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് കേന്ദ്രസർക്കാർ മൈ ഭാരത് ബജറ്റ് ക്വസ്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## SUJATA SHARMA

രാജ്യത്ത് വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വിതരണം നടക്കുന്നതായി പെട്രോളിയം-പ്രകൃതി വാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. രാജ്യത്ത് പെട്രോൾ, ഡീസൽ ക്ഷാമമില്ലെന്നും ആവശ്യത്തിന് ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്നും ജനങ്ങൾ പരിഭ്രാന്തരാകരുതെന്നും അവർ വ്യക്തമാക്കി. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ARAGHCHI - STRAIT OF HORMUZ

ഹോർമുസ് കടലിടുക്ക് അന്താരാഷ്ട്ര കപ്പൽ ഗതാഗതത്തിനായി തുറന്നിട്ടിരിക്കുകയാണെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി. എന്നാൽ സുരക്ഷാ കാരണങ്ങൾ മുൻനിർത്തി, അമേരിക്കയുമായും ഇസ്രായേലുമായും ബന്ധമുള്ള കപ്പലുകളെ കടന്നുപോകാൻ അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. മറ്റു രാജ്യങ്ങൾക്ക് ഈ പാതയിലൂടെ സ്വതന്ത്രമായി സഞ്ചരിക്കാമെന്നും അദ്ദേഹം അറിയിച്ചു. അതേസമയം, ഇന്ത്യയുടേത് ഉൾപ്പെടെ നിരവധി കപ്പലുകൾ മേഖലയിൽ കുടുങ്ങിക്കിടക്കുകയാണ്.

&&&&&&&&&&&&&&&&&&

## TRUMP-HORMUZ STRAIT

പശ്ചിമേഷ്യൻ സംഘർഷം മൂന്നാം ആഴ്ചയിലേക്ക് കടന്നു; ഇറാന്റെ തന്ത്രപ്രധാനമായ ഖാർഗ് ദ്വീപിൽ അമേരിക്ക ആക്രമണം നടത്തി.

ഹോർമുസ് കടലിടുക്കിൻ്റെ സുരക്ഷയ്ക്കായി ചൈനയും ഫ്രാൻസും ഉൾപ്പെടെയുള്ള രാജ്യങ്ങൾ കപ്പലുകൾ അയക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ആവശ്യപ്പെട്ടു. ഇറാനിയൻ കപ്പലുകളെയും ബോട്ടുകളെയും ലക്ഷ്യമിട്ടുള്ള ആക്രമണം തുടരുമെന്നും ട്രംപ് പറഞ്ഞു. ഹോർമുസ് പാതയിലെ തടസങ്ങൾ ആഗോള വിപണിയിൽ ഇന്ധനവില കുത്തനെ ഉയരാൻ കാരണമായിരിക്കുകയാണ്.

**&&&&&&&&&&&&&&&&&&**

## INDIAN NAVY WARSHIPS

ഇന്ത്യയിലേക്ക് വരുന്ന വാണിജ്യ കപ്പലുകളെ സഹായിക്കുന്നതിനായി പേർഷ്യൻ ഗൾഫിന് സമീപം യുദ്ധ കപ്പലുകൾ വിന്യസിച്ച് ഇന്ത്യൻ നാവിക സേന. ദ്രവീകൃത പെട്രോളിയം വാതകം വഹിച്ചുകൊണ്ടുള്ള ഇന്ത്യൻ കപ്പലുകൾക്ക് ഇന്നലെ ഹോർമുസ് കടലിടുക്ക് വഴി ഗതാഗതം അനുവദിച്ചിരുന്നു. ഇന്ത്യയുടെ ശിവാലിക്ക് കപ്പൽ ഈ മാസം 21 ന് രാജ്യത്ത് എത്തുമെന്ന് പ്രതീക്ഷിക്കുന്നതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## JAISWAL - BRICS- INTRO

പശ്ചിമേഷ്യയിലെ സംഘർഷ വിഷയത്തിൽ ബ്രിക്സ് രാജ്യങ്ങൾ തമ്മിൽ പൊതു നിലപാടിലെത്താൻ ഇന്ത്യ സജീവമായി ശ്രമിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ബ്രിക്സിൻ്റെ നിലവിലെ അധ്യക്ഷൻ എന്ന നിലയിൽ ഇന്ത്യ ചർച്ചകൾക്ക് നേതൃത്വം നൽകുന്നുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&&**

## UAE - IRAN

സംഘർഷ സാഹചര്യം തുടരുന്നതിനാൽ പ്രതിരോധ സംവിധാനങ്ങൾ കനത്ത ജാഗ്രത പുലർത്തുന്നതായി UAE . തുറമുഖങ്ങൾ, സൈനിക കേന്ദ്രങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ

എന്നിവയ്ക്ക് സമീപമുള്ള പ്രദേശങ്ങളിൽ നിന്ന് വിട്ട് നിൽക്കാൻ ജനങ്ങൾക്ക് നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## MEA - PAK AFGHAN

അഫ്ഗാനിസ്ഥാന്റെ പ്രദേശത്ത് പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തെ അപലപിച്ച് ഇന്ത്യ. നിരവധി സാധാരണക്കാർ മരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ തകർക്കപ്പെടുകയും ചെയ്തു. അഫ്ഗാനിസ്ഥാന്റെ പരമാധികാരവും പ്രാദേശിക സമഗ്രതയും പൂർണ്ണമായി ബഹുമാനിക്കപ്പെടണമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

## MOPNG-PETROL DIESEL

പെട്രോളും ഡീസലും, സുരക്ഷിതമല്ലാത്തതും അനുയോജ്യമല്ലാത്തതുമായ പാത്രങ്ങളിൽ വാങ്ങുകയോ സൂക്ഷിക്കുകയോ ചെയ്യരുതെന്ന് നിർദേശം നൽകി പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയം. തമിഴ്നാട്ടിലെ വിൽപ്പനശാലയിൽനിന്ന് അപകടകരമാം വിധത്തിൽ പെട്രോൾ കൊണ്ടുപോകുന്നതു ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് മുന്നറിയിപ്പ് നൽകിയത്.

&&&&&&&&&&&&&&&&&&

## WAR ROOM-KERALA

പാചകവാതക പ്രതിസന്ധി പരിഹരിക്കുന്നതിനായി കേരളത്തിൽ ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ വാർ റൂം പ്രവർത്തനം ആരംഭിച്ചു. വാണിജ്യ ആവശ്യത്തിനുള്ള ഗ്യാസ് സിലണ്ടർ വിതരണത്തിലെ നിയന്ത്രണത്തിൽ ഇളവുകൾ നൽകണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. പാചകവാതകത്തിന്റെ കരിഞ്ചന്തയ്ക്കും പൂഴ്ത്തി വയ്പ്പിനുമെതിരെ നടപടിയെടുക്കുമെന്ന് തിരുവനന്തപുരം നഗരസഭാ മേയർ വി വി രാജേഷ് അറിയിച്ചു. ഹോസ്റ്റലുകളിലും ആശുപത്രികളിലും ഭക്ഷണം കിട്ടാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## J-K -SIT

ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് നേതാവുമായ ഫാറൂഖ് അബ്ദുല്ലക്കെതിരെയുണ്ടായ വെടിവെയ്പ്പ് ശ്രമം അന്വേഷിക്കാൻ ജമ്മു കശ്മീർ പോലീസ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. ജമ്മു-സാമ്പ-കത്വാ റേഞ്ച് ഡിഐജി അന്വേഷണ സംഘത്തെ നയിക്കും. ഈ മാസം 11 ന് ഒരു സ്വകാര്യ ചടങ്ങിൽ പങ്കെടുക്കുമ്പോഴാണ് ഫാറൂഖ് അബ്ദുല്ലക്ക് നേരെ ആക്രമണമുണ്ടായത്.

&&&&&&&&&&&&&&&&&&

## CM- KANNUR

കേരളത്തിലെ ആയുർവേദ പാരമ്പര്യത്തിന് ആഗോള ശ്രദ്ധ ലഭിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ പിണറായി പന്തക്കപാറയിൽ നിർമ്മിച്ച ഗവ. ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## VEENA GEORGE

കേരളത്തിൽ സാർവത്രിക ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ്. ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെടാത്തവർക്ക് കൂടി ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചത്. കഴിഞ്ഞ ഒരു വർഷമായി നടത്തിയ വിവിധ തലങ്ങളിലുള്ള ചർച്ചകളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിലാണ് തീരുമാനമെന്ന് മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## WORLD CONSUMER RIGHTS DAY-INTRO

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. ലോകമെമ്പാടുമുള്ള ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം ശക്തമാക്കുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം. "സുരക്ഷിത ഉൽപ്പന്നങ്ങൾ, ആത്മവിശ്വാസമുള്ള ഉപഭോക്താക്കൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം.

**വിശദാംശങ്ങളിലേയ്ക്ക്....**

**(വോയിസ്)**

## WORLD CONSUMER RIGHTS DAY- VOICE

വിപണിയിലെ ചൂഷണങ്ങളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും മാർച്ച് 15-ന് ലോക ഉപഭോക്തൃ അവകാശ ദിനം ആചരിക്കുന്നത്. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, തെറ്റായ പരസ്യങ്ങളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുക, പരാതികൾക്ക് പരിഹാരം കാണുക എന്നിവയാണ് ദിനാചരണം മുന്നോട്ട് വയ്ക്കുന്ന പ്രധാന ലക്ഷ്യങ്ങൾ. ഉൽപ്പന്നങ്ങളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും കൃത്യമായ അറിവ് നേടാൻ ഓരോ ഉപഭോക്താവിനും അവകാശമുണ്ട്. ഓൺലൈൻ തട്ടിപ്പുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ ജാഗ്രതയ്ക്ക് വലിയ പ്രാധാന്യമാണുള്ളത്. ലോക ഉപഭോക്തൃ അവകാശ ദിനത്തോടനുബന്ധിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികളാണ് രാജ്യത്തുടനീളം സംഘടിപ്പിച്ചിരിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി

**&&&&&&&&&&&&&&&&&&**

## BCCI-NAMAN AWARDS

രാജ്യത്തെ ക്രിക്കറ്റ് താരങ്ങളെയും ക്രിക്കറ്റിൽ അതുല്യ സംഭാവന നല്കിയവരെയും ആദരിക്കുന്നത്തിനായുള്ള നമൻ അവാർഡുകൾ ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ക്രിക്കറ്റ് ഇതിഹാസങ്ങളായ റോജർ ബിന്നിയും രാഹുൽ ദ്രാവിഡും കേണൽ സി. കെ. നായിഡു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ഏറ്റുവാങ്ങും. ഇന്ത്യയുടെ വനിതാ ടീം മുൻ ക്യാപ്റ്റൻ മിതാലി രാജിനും ലൈഫ് ടൈം അചീവമെന്റ് അവാർഡ് സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## SANJU - KCA

ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കു കിരീടം നേടിക്കൊടുക്കുന്നതിൽ നിർണായക പങ്കുവഹിച്ച മലയാളി താരം സഞ്ജു സാംസനെ കേരള ക്രിക്കറ്റ് അസോസിയേഷൻ നാളെ അനുമോദിക്കും. തിരുവനന്തപുരം മംഗലപുരം മുല്ലശേരിയിൽ കെ.സി.എ പുതുതായി നിർമ്മിച്ച ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ഉദ്ഘാടന വേദിയിലാണ് സഞ്ജുവിനെ ആദരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ പുതിയ സ്റ്റേഡിയം നാടിന് സമർപ്പിക്കും.

&&&&&&&&&&&&&&&&&&

## SIR - KERALA

കേരളത്തിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചശേഷം ഒരു ലക്ഷത്തി 58, 212 പേർ കൂടി പട്ടികയിൽ ഇടം നേടിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ഫെബ്രുവരി 21-ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ 2 കോടി, 69 ലക്ഷത്തി 53,644 വോട്ടർമാരാണുണ്ടായിരുന്നത്.

&&&&&&&&&&&&&&&&&&

## SABARIMALA

മീനമാസ പൂജയ്ക്കായി ശബരിമല നട തുറന്നു. മീനം ഒന്നായ ഇന്ന് സന്നിധാനത്ത് വൻ ഭക്തജനത്തിരക്ക്. പൂജകൾ പൂർത്തിയാക്കി 19 ന് രാത്രി 10 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

## NEPAL-INDIAN PILIGRIMS KILLED

നേപ്പാളിലെ കാഠ്മണ്ഡുവിലുണ്ടായ ബസ് അപകടത്തിൽ ഏഴ് ഇന്ത്യൻ തീർത്ഥാടകർ മരിച്ചു. പന്ത്രണ്ടിലധികം യാത്രക്കാർ ബസിലുണ്ടായിരുന്നതായി പ്രാദേശിക ഭരണകൂടം അറിയിച്ചു.

അപകടത്തിന്റെ കാരണം വ്യക്തമല്ലെന്നും അന്വേഷണം തുടരുകയാണെന്നും പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&
&&&